**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 78** **10-06-2024 - ൽ മറുപടിയ്ക്ക്**

**കളിയാംവള്ളി പാലം നിർമ്മിക്കാൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിൽ കളിയാംവള്ളി പാലം നിർമ്മിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | കളിയാംവള്ളി പാലം നിർമ്മാണത്തിനായി മണ്ണ് പരിശോധന നടത്തി. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി) മുഖേന ഡിസൈൻ ലഭ്യമാക്കുകയും തുടർന്ന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നബാർഡ് (TRANCHE-XXX)-ൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിലേയ്ക്കായി ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. നബാർഡ് TRANCHE-XXX -ൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതിനായി പ്രസ്തുത പദ്ധതി നിർദ്ദേശം ധനകാര്യ (എൻ.സി.എ) വകുപ്പിലേക്ക് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാലം നിർമ്മിക്കുന്നതിനുള്ള സാമ്പത്തികാനുമതി എപ്പോൾ ലഭ്യമാകുമെന്ന് അറിയിക്കാമോ? | (ബി) | പദ്ധതിക്ക് നബാർഡിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് അനുമതി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ